**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 493

**10.03.2015 - ലെ മറുപടിയ്ക്ക്**

**നികുതി വരുമാനത്തിലെ കുറവ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.ദിവാകരൻ** | **ശ്രീ.കെ.എം.മാണി**<br>**ബഹു.ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) ഈ സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനെക്കാൾ എന്ത് തുകയുടെ കുറവാണുണ്ടായത്; | സാമ്പത്തിക വർഷം അവസാനിച്ചെങ്കിൽ മാത്രമേ നികുതി വരുമാനത്തെ സംബന്ധിച്ച അന്തിമ വിലയിരുത്തൽ സാധ്യമാകുകയുള്ളൂ. |
| (ബി) ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിൽ പ്രതീക്ഷിച്ച തരത്തിൽ നികുതി വരവുണ്ടാകാതിരുന്നതിനാൽ ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗരറ്റ്, എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറഞ്ഞതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർ നിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. |

**സെക്ഷൻ ഓഫീസർ**